## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :3911

19.03.2018-ൽ
മറുപടിയ്ക്ക്

### കാസർഗോഡ് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജിന്റെ ഹോസ്റ്റൽ

*ചോദ്യം*
ശ്രീ.കെ.കുഞ്ഞിരാമൻ

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജിന്റെ ഹോസ്റ്റൽ എവിടെയാണ് പ്രവർത്തിക്കുന്നത്; നാളിതുവരെയായി വാടകയിനത്തിൽ എത്ര തുക നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ആൺ കുട്ടികളുടേയും, പെൺ കുട്ടികളുടേയും ഓരോ ഹോസ്റ്റൽ ക്യാമ്പസിനകത്ത് പ്രവർത്തിക്കുന്നു കൂടാതെ ചെങ്കള, പൊവ്വൽ, കോളേജ് ക്യാമ്പസിനോടു ചേർന്നുള്ള സ്വകാര്യ സ്ഥലം എന്നീ മൂന്ന് സ്ഥലത്ത് കുട്ടികൾക്ക് താമസ സൗകര്യം ഒരുക്കിയിട്ടുണ്ട്. 2006 മുതൽ 4,55,94,574/- രൂപ കുട്ടികളിൽ നിന്ന് സമാഹരിച്ച് വാടകയിനത്തിൽ നൽകിയിട്ടുണ്ട്. |
| (ബി) | കോളേജ് കോമ്പൗണ്ടിന് വെളിയിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലിലെ കുട്ടികൾക്ക് തുടർച്ചയായി സാമൂഹ്യ ദ്രോഹികളുടെ ആക്രമണത്തിന് വിധേയരാകേണ്ട സ്ഥിതി വന്നിട്ടുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ കോളേജിന് അത്യാവശ്യം വേണ്ട ഹോസ്റ്റൽ കെട്ടിടം പണിയാതെ ഭാരിച്ച തുക ഉപയോഗിച്ച് ഓഡിറ്റോറിയത്തിനുള്ള കെട്ടിടമാണ് പണിയാൻ പോകുന്നതെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | 2014-15 -ൽ എൽ.ബി.എസ്. ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസലിൻമേൽ G.O. (Rt.) No.2725/15/H.Edn. Dated 19/10/2015 പ്രകാരം ആഡിറ്റോറിയം പണിയുന്നതിന് 830 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | നിലവിലുള്ള പി.റ്റി.എ കമ്മിറ്റി ഓഡിറ്റോറിയത്തിനുപകരം ഹോസ്റ്റൽ അനുവദിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) & (ഇ) | നിലവിലുള്ള പി.റ്റി.എ കമ്മിറ്റി, ഓഡിറ്റോറിയത്തിനുപകരം ഹോസ്റ്റൽ അനുവദിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ആഡിറ്റോറിയം പണിയുന്നതിനുവേണ്ടി ഗവൺമെന്റിൽ നിന്ന് ഭരണാനുമതി ലഭിക്കുകയും അന്നുമുതൽ എല്ലാ സാമ്പത്തിക വർഷവും ഈ പ്രവൃത്തിക്കുവേണ്ടി മറ്റു പ്രവൃത്തികളുടെ കൂടെ പണം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ അവസ്ഥയിൽ ആഡിറ്റോറിയത്തിനുള്ള തുക വകമാറ്റി മറ്റൊരു പ്രവൃത്തി ചെയ്യുന്നതിന് തടസ്സമുണ്ട്. |
| ഇ) | എങ്കിൽ ഭാരിച്ച തുക വാടകയിനത്തിൽ തുടർന്നും നൽകാതെ ഓഡിറ്റോറിയത്തിനുപകരം ഹോസ്റ്റൽ അനുവദിക്കുന്നതിന് തടസ്സം എന്താണെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ